**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 800** **30-01-2024 - ൽ മറുപടിയ്ക്ക്**

**യുവസഹകരണസംഘങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . കെ .ഡി .പ്രസേനൻ** | | **ശ്രീ. വി.എൻ വാസവൻ (തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | പാലക്കാട് ജില്ലയിലെ യുവസഹകരണ സംഘങ്ങൾ മുഖേന പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് ഏതെങ്കിലും അപേക്ഷകൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്.<br><br>പാലക്കാട് ജില്ലയിലെ നെന്മാറ യുവ സഹകരണ സംഘം, ഭൂമി പാട്ടത്തിനെടുത്ത് ചെടികളുടെ നഴ്സറിയും, കൃഷിയും ചെയ്യുന്ന പ്രൊജക്റ്റ് നടപ്പിലാക്കിയിട്ടുണ്ട്. ആലത്തൂർ യുവ സ്കിൽഡ് & അൺസ്കിൽഡ് ലേബർ സഹകരണ സംഘത്തിന് ജനസേവന കേന്ദ്രം ആരംഭിക്കുന്നതിനുള്ള അനുമതി ഉത്തരവ് നൽകിയിട്ടുണ്ട്. ചിറ്റൂർ ബ്ലോക്ക് യുവ സഹകരണ സംഘം അരി, തേങ്ങ, പച്ചക്കറി, പഴവർഗ്ഗങ്ങൾ എന്നിവയിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്ന പ്രൊജക്റ്റ് നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | യുവസഹകരണസംഘങ്ങൾക്ക് നൽകി വരുന്ന സഹായങ്ങൾ എന്തൊക്കെയാണ്; വിശദാംശം അറിയിക്കാമോ? | (ബി) | യുവസഹകരണ സംഘങ്ങളുടെ പ്രാരംഭ പ്രവർത്തനത്തിനുള്ള മൂലധനം ഗവൺമെന്റ് ഓഹരിയായും സബ്സിഡിയായും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 2022-23 -ലെ വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തി ടി സംഘങ്ങളുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 3 കോടി രൂപ അനുവദിക്കുകയും ആയത് സംഘങ്ങൾ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകളുടെ അടിസ്ഥാനത്തിൽ ഒരു സംഘത്തിന് 10 ലക്ഷം രൂപ വീതം 24 യുവസഹകരണ സംഘങ്ങൾക്ക് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ